**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **11-06-2024 - ൽ മറുപടിയ്ക്ക്**

**ടേൺ ഓവർ ടാക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട വില്പന നികുതി അഥവാ ടേൺ ഓവർ ടാക്സ് എങ്ങനെയാണ് കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കെ.ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 5 ന്റെ സബ് സെക്ഷൻ (2) പ്രകാരമാണ് ബാർ ഹോട്ടലുകൾക്ക് ടേൺഓവർ ടാക്സ് ബാധകമാകുന്നത്. സംസ്ഥാനത്തിനകത്തെ മദ്യവില്പനയുടെ എല്ലാ ഘട്ടത്തിലും അവരുടെ മദ്യവില്പനയുടെ ടേൺഓവറിന്റെ 10% ആണ് ടേൺഓവർ ടാക്സ് ആയി അടയ്ക്കേണ്ടത്.<br><br>ഇതുകൂടാതെ സെക്ഷൻ 7 പ്രകാരം നാല് സ്റ്റാറിനോ അതിനു മുകളിലോ ഉള്ള ബാർഹോട്ടലുകൾ ഒഴികെയുള്ളവയ്ക്ക് കോംപൗണ്ടിങ് നികുതി നിരക്ക് ഓപ്റ്റ് ചെയ്ത് ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ ടേൺഓവർ ടാക്സ് അടയ്ക്കുന്നതിനുള്ള സംവിധാനവും പ്രസ്തുത നിയമം അനുവദിച്ച് നൽകുന്നുണ്ട്.<br><br>1. ടു സ്റ്റാറോ അതിൽ താഴെയോ ഉള്ള ബാർ ഹോട്ടലുകൾക്ക് പർച്ചേസ് വാല്യൂവിന്റെ 160%<br><br>2. ത്രീ സ്റ്റാർ ഹോട്ടലുകൾക്ക്<br><br>(i) മുനിസിപ്പൽ കോർപ്പറേഷൻ, അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ കന്റോൺമെന്റ് ഏരിയയിൽ സ്ഥിതി ചെയ്യുന്ന ബാർ ഹോട്ടലുകൾക്ക് മദ്യത്തിന്റെ പർച്ചേസ് വാല്യൂവിന്റെ 180%വും മറ്റു സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ബാർ ഹോട്ടലുകൾക്ക് അവയുടെ മദ്യത്തിന്റെ പർച്ചേസ് വാല്യൂവിന്റെ 170%വും<br><br>അല്ലെങ്കിൽ,<br><br>(ii) ബാർ ഹോട്ടലുകളുടെ മുൻ കാലയളവിലെ ഏതെങ്കിലും തുടർച്ചയായ മൂന്ന് വർഷത്തെ ബുക്ക്സ് ഓഫ് അക്കൗണ്ട്സ്, അല്ലെങ്കിൽ റിട്ടേൺ പ്രകാരം |

| | | | |
|---|---|---|---|
| | | | അവർ നൽകേണ്ടിയിരുന്ന കൂടിയ ടേൺഓവർ ടാക്സ് എത്രയാണോ, ആയതിന്റെ 125%.<br><br>ഇവയിൽ കൂടിയ നിരക്ക് ഏതാണോ പ്രസ്തുത നിരക്കിൽ ടേൺഓവർ ടാക്സ് അടയ്ക്കാവുന്നതാണ്. |
| (ബി) | ബാറുകൾ തയ്യാറാക്കി നൽകുന്ന കണക്കുകൾ അംഗീകരിച്ചാണ് 2017-ന് ശേഷം ടേൺ ഓവർ ടാക്സ് നിർണ്ണയം നടത്തുന്നത് എന്നത് വസ്തുതയാണോ; | (ബി) | വ്യാപാരികളുടെ റിട്ടേണുകളും ബുക്ക്സ് ഓഫ് അക്കൗണ്ട്സുകളും, ബെവ്കോ-യിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും ഉൾപ്പെടെയുള്ള മറ്റു രേഖകളും പരിശോധിച്ചാണ് വിറ്റ് വരവ് നികുതി നിർണ്ണയിക്കുന്നത്. |
| (സി) | നിലവിൽ ഭൂരിഭാഗം ബാർ ഹോട്ടലുകളും നികുതി റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള പൊതു വില്പന നികുതി നിയമം, 1963 പ്രകാരം പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഭൂരിഭാഗം ബാറുകളും റിട്ടേണുകൾ ഫയൽ ചെയ്യുന്നുണ്ട്. എന്നാൽ ചില ബാറുകൾ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ബാറുകൾക്കെതിരെ കേരള പൊതു വില്പന നികുതി നിയമം, 1963 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിമാസ റിട്ടേണുകൾ ഫയൽ ചെയ്യാത്ത, വിറ്റുവരവ് നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ കേരള പൊതു വില്പന നികുതി നിയമം, 1963 പ്രകാരം പെനാൽറ്റി ചുമത്തുന്നതും, രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതും അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ അസ്സെസ്സ്മെന്റ് നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമല്ലാത്തതു മൂലം സംസ്ഥാനത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ബാർ ഹോട്ടലുകളിൽ നിന്നുള്ള ടേൺ ഓവർ ടാക്സ് പിരിച്ചെടുക്കാനുള്ള ഊർജിത ശ്രമങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് നടത്തിവരുന്നു.<br><br>മദ്യവില്പനയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി റിട്ടേൺ ഫയൽ ചെയ്യാതെ വിറ്റുവരവ് നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ KGST നിയമമനുസരിച്ചുള്ള പെനാൽറ്റി ചുമത്തിയിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ 16 ബാർ ഹോട്ടലുകളുടെ KGST നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തിട്ടുണ്ട്. കൂടാതെ, വീഴ്ച വരുത്തിയ മറ്റുള്ളവരുടെയും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ അസ്സെസ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം |

| | | | |
|---|---|---|---|
| | | | വിശദമായ പരിശോധന നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ